**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ : 198**

**14.06.2019 - ൽ മറുപടിക്ക്.**

## സ്വകാര്യമേഖലയിലെ വ്യവസായ പാർക്കുകൾ

ചോദ്യം
ശ്രീ. സി. ദിവാകരൻ
ശ്രീ. ജി. എസ്. ജയലാൽ
ശ്രീ. മുഹമ്മദ് മുഹസിൻ പി.
ശ്രീ. കെ. രാജൻ.

**മറുപടി**
**ശ്രീ. ഇ. പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി).**

(എ) സർക്കാർ മേഖലയിലുള്ള വ്യവസായ പാർക്കുകൾക്ക് നൽകുന്ന അടിസ്ഥാന & സൗകര്യങ്ങൾ സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുവദിക്കുമോ ;

(ബി) സ്വകാര്യ വ്യവസായ പാർക്കുകൾക്ക് എന്തൊക്കെ സഹായങ്ങളാണ് സർക്കാർ നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

(എ) : (ബി) സർക്കാർ മേഖലയിലുള്ള വ്യവസായ പാർക്കുകൾക്ക് നൽകുന്ന അടിസ്ഥാന സൗകര്യങ്ങൾ പൂർണമായി സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുവദിക്കാൻ വ്യവസ്ഥയില്ല. എന്നാൽ താഴെപ്പറയുന്ന സഹായങ്ങൾ നൽകുന്നുണ്ട്.

- പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് ആവശ്യമായ നിയമപരമായ വിവിധ അനുമതികൾ ഏക ജാലക ബോർഡ് വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ റോഡ്, വൈദ്യുതി, ജലലഭ്യത മുതലായ സൗകര്യങ്ങൾക്ക് ആവശ്യാനുസരണം സർക്കാർ നടപടി സ്വീകരിച്ചു വരുന്നു.
- സ്വകാര്യ വ്യവസായ എസ്റ്റേറ്റിൽ വ്യവസായ യൂണിറ്റുകൾ, വെയർ ഹൗസുകൾ, ലോജിസ്റ്റിക് സർവീസുകൾ, വെഹിക്കിൾ സർവീസിങ് ആൻഡ് റിപ്പയറിങ് ഡിപ്പോകൾ തുടങ്ങിയവ അനുവദനീയമാണ്. എന്നാൽ വെഹിക്കിൾ ഷോ റൂമുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, മാളുകൾ, ഔട്ട്-ലെറ്റുകൾ തുടങ്ങിയവ അനുവദനീയമല്ല.
- സ്വകാര്യ വ്യവസായ എസ്റ്റേറ്റിന് 30 വർഷത്തെ കാലപരിധിയിൽ അനുമതി നൽകുന്നതിന് നിശ്ചയിച്ചിട്ടുണ്ട്.
- സ്വകാര്യ വ്യവസായ എസ്റ്റേറ്റിനെ കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന്റെ പരിധിയിൽ വരുന്ന ഇൻഡസ്ട്രിയൽ ഏരിയ ആയി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.

ജക/10/06/19